(7 pages) **Reg. No. : ..............................**

**Code No. : 22191** **Sub. Code : J 1 MY 31/ S 1 MY 31**

U.G. (CBCS) DEGREE EXAMINATION, NOVEMBER 2019.

Third Semester

Part I — Malayalam

Paper III — DRISHYAKALA SAHITHYAM

(For those who joined in July 2016 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. രാമനാട്ടത്തിലെ സ്രഷ്ടാവാര്?

   (a) കോട്ടയം തമ്പുരാൻ

   (b) ഉണ്ണായി വാര്യർ

   (c) കൊട്ടാരക്കര തമ്പുരാൻ

   (d) ധർമ്മരാജാ

2. 'കേരളത്തിന്റെ ശാകുന്തളം' എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി

   (a) കല്യാണസൗഗന്ധികം

   (b) നളചരിതം

   (c) അദ്ധ്യാത്മരാമായണം

   (d) കൃഷ്ണഗാഥ

3. കുഞ്ചൻ നമ്പ്യാർ രചിച്ച ആദ്യത്തെ തുള്ളൽകൃതിയായി വിശ്വസിക്കപ്പെടുന്നതേത്?

   (a) സ്യമന്തകം

   (b) നളചരിതം

   (c) കിരാതം

   (d) കല്യാണസൗഗന്ധികം

4. ജി. ശങ്കരപ്പിള്ള രചിച്ച നാടകസാഹിത്യ ചരിത്രമേത്?

   (a) മലയാള നാടകസാഹിത്യ ചരിത്രം

   (b) ഉയരുന്ന യവനിക

   (c) മലയാള സംഗീതനാടക ചരിത്രം

   (d) കൈരളിയുടെ കഥ



*Nesamony Memorial Christian College, Marthandam*

5. സോക്രട്ടീസ് എന്ന നാടകം ഏതു വിഭാഗത്തിൽ പ്പെടുന്നു?

(a) തനത് നാടകം (b) സംഗീത നാടകം

(c) ഏകാങ്ക നാടകം (d) റേഡിയോ നാടകം

6. എം.ടി. രചിച്ച തിരക്കഥയേത്?

(a) ചെമ്മീൻ (b) ഓപ്പോൾ

(c) കള്ളൻ പവിത്രൻ (d) ഭൂതക്കണ്ണാടി

7. ചവിട്ടുനാടകം എന്ന കൃതി രചിച്ചതാര്?

(a) സെബീനാറാഫി (b) സി.ജെ. തോമസ്

(c) എൻ. കൃഷ്ണപിള്ള (d) പോഞ്ഞിക്കര റാഫി

8. 'ഭൂമിയെന്നതുപോലെ ഭൈമിയും ചേരുമെന്നിൽ' - ആരുടെ വാക്കുകൾ?

(a) നളൻ (b) ഇന്ദ്രൻ

(c) ദ്വാപരൻ (d) പുഷ്കരൻ

9. ഭീമനും ഹനുമാനും തമ്മിൽ കണ്ടുമുട്ടുന്നത് എവിടെ വച്ചാണ്?

(a) ഏകചക്ര (b) കദളീവനം

(c) ഇന്ദ്രപ്രസ്ഥം (d) ഹസ്തിനപുരം



10. ഭഗവതിക്ഷേത്രങ്ങളിൽ അരങ്ങേറുന്ന അനുഷ്ഠാന കലയേത്?

(a) പടയണി (b) ഭരതനാട്യം

(c) കഥകളി (d) മോഹിനിയാട്ടം

PART B — (5 × 5 = 25 marks)

ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) ദേവന്മാരും കലിയും തമ്മിലുള്ള സംഭാഷണം ചുരുക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) "ഉല്ലംഘിതാജ്ഞന്മാരെക്കൊല്ലും സന്ദേഹമില്ല" എന്നു പറയുവാനുള്ള സാഹചര്യം വ്യക്തമാക്കുക.

12. (a) തുള്ളൽ പ്രസ്ഥാനത്തിന്റെ ചരിത്രം ചുരുക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) ഭീമൻ ഹനുമാനോട് പറയുന്നത് എന്തെല്ലാം?

13. (a) ദുരന്തനായകൻ എന്ന നിലയിൽ സോക്രട്ടീസിനെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) സാമൂഹികമാറ്റത്തിന് നാടകങ്ങൾ എത്രത്തോളം സഹായകമായെന്ന് പരിശോധിക്കുക.



Nesamony Memorial Christian College, Marthandam

14. (a) അംഗരാജ്യത്തെ ബാധിച്ച പ്രകൃതി ദുരന്തത്തെ എം.ടി. വൈശാലിയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന മനുഷ്യന്റെ നിഷ്കളങ്കത ഋഷ്യശൃംഗനിൽ കാണാനാകും - ശരിയോ? പരിശോധിക്കുക.

15. (a) പടയണിയുടെ സാമൂഹിക പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) പടയണിക്ക് കാർഷിക സംസ്കൃതിയിലുള്ള പ്രാധാന്യം വിലയിരുത്തുക.

PART C — (5 × 8 = 40 marks)

ഓരോ ചോദ്യത്തിനും അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) നാടകീയത നിറഞ്ഞ ആട്ടക്കഥയാണ് നളചരിതം - വിലയിരുത്തുക.

അല്ലെങ്കിൽ

(b) മിഴിവും ചൈതന്യവും നിറഞ്ഞവരാണ് നളചരിതത്തിലെ കഥാപാത്രങ്ങൾ. രണ്ടാം ദിവസത്തെ ആധാരമാക്കി പരിശോധിക്കുക.



17. (a) സമകാല സമൂഹത്തെ വിമർശനാത്മകമായി അവതരിപ്പിക്കുകയാണ് നമ്പ്യാർ. 'കല്യാണ സൗഗന്ധികം' അടിസ്ഥാനമാക്കി നിരീക്ഷിക്കുക.

അല്ലെങ്കിൽ

(b) 'കല്യാണസൗഗന്ധിക'ത്തെ ആധാരമാക്കി കുഞ്ചൻ നമ്പ്യാരെ ജനകീയ കവിയെന്ന നിലയിൽ വിലയിരുത്തുക.

18. (a) നാടകം എന്ന നിലയിൽ പി.ജെ. ആന്റണിയുടെ 'സോക്രട്ടീസ്' ഒരു വിജയമാണോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) മലയാള നാടക സാഹിത്യ ചരിത്രം ചുരുക്കി വിവരിക്കുക.

19. (a) തിരക്കഥ 'കാണാവുന്ന സാഹിത്യ'മാണെന്ന അഭിപ്രായം വൈശാലിയെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'വൈശാലി'യിലെ സ്ത്രീകഥാപാത്രങ്ങളെല്ലാം ഇരകളാണ് - വിലയിരുത്തുക.



Nesamony Memorial Christian College, Marthandam

20. (a) പടയണിയെ സാമൂഹിക ഐക്യത്തിന്റെ കലയായി പരിഗണിക്കാൻ കഴിയുമോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) രംഗാവിഷ്കാര കല എന്ന നിലയിൽ പടയണിയുടെ പ്രത്യേകതകൾ വിലയിരുത്തുക.

---



*Nesamony Memorial Christian College, Marthandam*